റബ്ബറിന്റെ വിലത്തകർച്ച

9(*129) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലത്തകർച്ചയെ തുടർന്ന് പ്രഖ്യാപിച്ച റബ്ബർ സംഭരണ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനെത്തുടർന്ന് റബ്ബർ വില പ്രതീക്ഷക്കൊത്ത് ഉയർന്നിട്ടുണ്ടോ;

(സി) പദ്ധതികൾ നടപ്പാക്കുന്നതിനായി പ്രഖ്യപിച്ച തുകയുടെയും നാളിതുവരെ ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ നൽകുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടി പദ്ധതികളുടെ നടത്തിപ്പ് പുരോഗമിക്കുന്നതിനനുസരിച്ച് റബ്ബറിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 31-3-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 84/2014/ കൃഷി. പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്ന പദ്ധതിയിൽ സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവിനായി 4 കോടി രൂപ അനുവദിച്ച് കൃഷി വകുപ്പിൽനിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. 16-8-2014 ലെ സ.ഉ. (എംഎസ്.)നമ്പർ 176/2014/ കൃഷി, പ്രകാരം റബ്ബർ സംഭരണത്തിനായി 5 കോടി രൂപ വീതവും 11-3-2015 ലെ സ.ഉ. (എംഎസ്.) 41/2015/ കൃഷി പ്രകാരം റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഒരു കോടി രൂപ വീതവും സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും റബ്ബർ മാർക്കിനും നൽകിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16-ലെ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 28-11-2015 വരെ 135,274 സെയിൽസ് ബില്ലുകളിലായി 33.35 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly